(ഡി) ഇല്ല.

(ഈ) ഡി. യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്തു് എക്സ്റ്റൻഷൻ ആഫീസറന്മാരുടെ സെക്യൂരിറ്റി സംഖ്യ.

* 932. [20] ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു് എക്സ്റ്റൻഷൻ ആഫീസറന്മാരുടെ സെക്യൂരിറ്റി സംഖ്യ എത്രയാണു് ;

(ബി) ഈ സംഖ്യ ചുരുക്കിക്കിട്ടാൻ വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഇപ്പോൾ മലബാർ ഭാഗത്തുള്ളവർക്കു് 500 രൂപയും തിരുവിതാംകൂർ-കൊച്ചി ഭാഗത്തുള്ളവർക്കു് 250 രൂപയുമാണു്.

(ബി) ഉണ്ടു്.

(സി) ഈ കാര്യം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : മലബാർഭാഗത്തും 250 രൂപാ ആക്കുന്നതിൽ എന്താണു തടസ്സം?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഒരു ഐകരൂപ്യം വരുത്തണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടു്. അതു് രണ്ടു വിധത്തിലും ആകാം. എല്ലാ സ്ഥലത്തും 500 ആക്കാം ; അല്ലെങ്കിൽ 250 ആക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : മലബാർഭാഗത്തു് 500 രൂപാ അടയ്ക്കുന്നവർക്കു് ശമ്പളം കിട്ടാത്ത പരിതസ്ഥിതിയുള്ളപ്പോൾ ഈ ഭാഗത്തു് ശമ്പളം കിട്ടുന്നുണ്ടു്. അതുകൊണ്ടു് ഈ കാര്യത്തിൽ വളരെ വേഗം നടപടി എടുക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ : വളരെ വേഗം നടപടി എടുക്കാം.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : കാർപ്പറേഷനിലും മുനിസിപ്പാലിറ്റികളിലുമുള്ള കമ്മീഷണന്മാർക്കു് സെക്യൂരിറ്റി ഇല്ലാത്തപ്പോൾ ഇവിടെ സെക്യൂരിറ്റി വച്ചിട്ടുള്ളതിൻെറ ന്യായമെന്താണു്?

ശ്രീ. കെ. എ. ദാമോദരമേനോൻ : കുറച്ചു ധനപരമായ ബാദ്ധ്യത ഈ ചെറിയ ഉദ്യോഗസ്ഥന്മാർക്കുള്ളതുകൊണ്ടാണു വച്ചതു്.

ഇലക്ട്രിസിറ്റി. †

* 933. [23] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി ഇലക്ട്രിസിറ്റി എക്സ്റ്റൻറു ചെയ്തിരിക്കുന്ന സെൻറർഫ്സ് സ്വിച്ചുഓൺ ചെയ്യുന്നതിനു പോസ്റ്റു ആൻറു് ടെലഗ്രാഫ് ഡിപ്പാർട്ടുമെൻറിൻെറ അനുവാദം ലഭിക്കുന്നമെന്ന വ്യവസ്ഥയുണ്ടോ ;

(ബി) എറണാകുളം ഡിസ്ട്രിക്റ്റിലെ ആഴകം, കിടങ്ങൂർ സെൻറർഫ്സ് സ്വിച്ചു ഓൺ ചെയ്യുന്നതിനു പോസ്റ്റു ആൻറു് ടെലഗ്രാഫ് ഡിപ്പാർട്ടുമെൻറിൻെറ അനുവാദം ലഭിക്കാത്തതുകൊണ്ടു് ഇതേവരെ നടന്നില്ല എന്ന വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനാവശ്യമായ നടപടികളും ഉടൻ നടത്തുമോ ?

† Put by Shri K. R. Vijayan.

LIBRARY ARCHIVES Kerala Legislative Assembly